# കേരള സർവകലാശാല

നം.പി.ആർ.198/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### വിദ്യാർത്ഥിയെ സസ്പെന്റ് ചെയ്തു

കേരള സർവകലാശാല കാര്യവട്ടം മെൻസ് ഹോസ്റ്റലിൽ ഒന്നാം വർഷ എം.എസ്സി വിദ്യാർത്ഥി റാഗിംഗിന് ഇരയായ സംഭവത്തിൽ രണ്ടാം വർഷ എം.എ ലിംഗ്വിസ്റ്റിക്സ് വിദ്യാർത്ഥി രാഹുൽ ജി ദേവിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തുകൊണ്ട് വൈസ് ചാൻസലർ ഉത്തരവായി. ഒന്നാം വർഷ എം.എസ്സി കമ്പ്യൂട്ടേഷണൽ ബയോളജി ആൻഡ് ബയോ-ഇൻഫർമാറ്റിക്സ് വിദ്യാർത്ഥി രാജേഷ് ബാബുവാണ് റാഗിംഗിന് ഇരയായത്. ഇക്കഴിഞ്ഞ ഒക്ടോബർ 17-ന് യു.ജി.സി ആന്റി റാഗിംഗ് ഹെൽപ് ലൈനിൽ രാജേഷ് ബാബു നൽകിയ പരാതിയിൽ രാഹുൽ ജി ദേവ് തന്നെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചതായും സ്ഥിരമായി അസഭ്യവാക്കുകൾ പറഞ്ഞ് തന്നെ അവഹേളിച്ചതായും ആരോപിച്ചിരുന്നു. ഈ പരാതിയിന്മേൽ സർവകലാശാല രജിസ്ട്രാർ നടത്തിയ പ്രാഥമിക അന്വേഷണത്തിലാണ് രാഹുൽ ജി ദേവിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യാൻ വൈസ് ചാൻസലർ ഉത്തരവിട്ടത്. കൂടാതെ കാമ്പസ് അഡ്മിനിസ്ട്രേഷൻ ജോയിന്റ് രജിസ്ട്രാറെ അന്വേഷണ ഉദ്യോഗസ്ഥനായി വൈസ് ചാൻസലർ ചുമതലപ്പെടുത്തുകയും ചെയ്തു.

കേരള റാഗിംഗ് നിരോധനനിയമം അനുസരിച്ച് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ പരാതി നൽകാനും, വിദ്യാർത്ഥികൾ അവർക്ക് അനുവദിച്ച മുറികളിൽ മറ്റ് വിദ്യാർത്ഥികളെ പാർപ്പിച്ചാൽ ഹോസ്റ്റലിൽ നിന്നും പുറത്താക്കുന്നതുവരെയുള്ള അച്ചടക്കനടപടികൾ നേരിടേണ്ടിവരുമെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു. ജോയിന്റ് രജിസ്റ്റാട്രാറും സെക്യൂരിറ്റി ഓഫീസറും ഹോസ്റ്റലുകളിൽ മിന്നൽ പരിശോധനകൾ നടത്തി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണെന്നും, സെക്യൂരിറ്റി ഓഫീസർ റാഗിംഗിന് ഇരയായ വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചു. യു.ജി.സി റഗുലേഷൻ അനുസരിച്ച് റാഗിംഗ് തടയാനുള്ള എല്ലാ മാർഗ്ഗങ്ങളും സർവകലാശാല സ്വീകരിക്കുമെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു.

### ജില്ലാതല പി.ജി സ്പോട്ട് അഡ്മിഷൻ (2016-17)
### എസ്.സി/എസ്.ടി വിഭാഗക്കാർക്ക് മാത്രം

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിലെ എം.എ, എം.എസ്സി, എം.കോം കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള എസ്.സി, എസ്.ടി വിഭാഗം സീറ്റുകളിലേക്ക് ഇന്ന് (25.10.2016) ജില്ലാ കേന്ദ്രങ്ങളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. തിരുവനന്തപുരം ജില്ലയിലേക്ക് പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വെച്ചും കൊല്ലം/പത്തനംതിട്ട ജില്ലകളിലേക്ക് കൊല്ലം എസ്.എൻ കോളേജിൽ വച്ചും ആലപ്പുഴ ജില്ലയിലേക്ക് ആലപ്പുഴ എസ്.ഡി കോളേജിൽ വച്ചും നടത്തും. രാവിലെ ഒമ്പത് മണിമുതൽ 11 മണിവരെ നിർദ്ദിഷ്ട സ്പോട്ട് അഡ്മിഷൻ കേന്ദ്രങ്ങളിൽ ഹാജരായി രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ

നടത്തും. ജാതി തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും ഹാജരാക്കിയാൽ മാത്രമേ അഡ്മിഷൻ ലഭിക്കുകയുള്ളൂ. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടഫിക്കറ്റുകളും ഹാജരാക്കണം. നിശ്ചിത അഡ്മിഷൻ ഫീസായ 110/- രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. ഓൺലൈൻ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവരെയും പരിഗണിക്കും. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി കൊണ്ടുവരണം. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാലകളിൽ ബിരുദമുള്ളവർ യോഗ്യതാ (എലിജിബിലിറ്റി) സർട്ടിഫിക്കറ്റും ഹാജാരാക്കണം.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## പി.ജി സ്പോട്ട് അഡ്മിഷൻ (2016-17)
## ജനറൽ/മറ്റ് സംവരണ വിഭാഗക്കാർക്ക്

കേരള സർവകലാശാലയുടെ നിയന്ത്രണത്തിലുള്ള ഗവ./ എയ്ഡഡ്/ സ്വാശ്രയ/ യു.ഐ.ടി കോളേജുകളിലെ എം.എ, എം.എസ്‌സി, എം.കോം കോഴ്സുകളിൽ നിലവിൽ ഒഴിവുള്ള ജനറൽ/മറ്റ് സംവരണ സീറ്റുകളിലേക്ക് നവംബർ രണ്ട്, മൂന്ന് തീയതികളിൽ പാളയം സെനറ്റ് ഹൗസ് കാമ്പസിലെ സെനറ്റ് ഹാളിൽ വച്ച് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. നവംബർ രണ്ടിന് എം.കോം, എം.എസ്‌സി വിഭാഗങ്ങൾക്കും നവംബർ മൂന്നിന് എം.എ-ക്കും സ്പോട്ട് അഡ്മിഷൻ നടത്തും. രാവിലെ ഒമ്പത് മണിമുതൽ 11 മണിവരെ സെനറ്റ് ഹാളിൽ ഹാജരായി രജിസ്റ്റർ ചെയ്യുന്നവരിൽ നിന്നും റാങ്ക് അടിസ്ഥാനത്തിൽ സ്പോട്ട് അഡ്മിഷൻ നടത്തും. സംവരണ വിഭാഗത്തിൽ പ്രവേശനം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും അനുവദനീയമായ കാലയളവിനുള്ളിൽ ലഭിച്ച ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ മാത്രമേ പ്രവേശനം ലഭിക്കുകയുള്ളൂ. സർട്ടിഫിക്കറ്റുകൾ ഹാജരാക്കാൻ സമയം അനുവദിക്കുന്നതല്ല. യോഗ്യത തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകളും നിർബന്ധമായും ഹാജരാക്കണം. നിശ്ചിത അഡ്മിഷൻ ഫീസായ 720 രൂപ അന്നുതന്നെ ഒടുക്കേണ്ടതാണ്. ഓൺലൈൻ രജിസ്ട്രേഷന്റെ പ്രിന്റൗട്ട് നിർബന്ധമായും കൊണ്ടുവരണം. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്ത വിദ്യാർത്ഥികളുടെ അഭാവത്തിൽ ഓൺലൈൻ രജിസ്റ്റർ ചെയ്യാത്തവരേയും പരിഗണിക്കും. ഓൺലൈൻ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾ ഒരു പാസ്പോർട്ട് സൈസ് ഫോട്ടോ കൂടി കൊണ്ടുവരണം. കേരള സർവകലാശാലയുടേതല്ലാത്ത മറ്റ് സർവകലാശാല ബിരുദമുള്ളവർ കേരള സർവകലാശാല യോഗ്യതാ (എലിജിബിലിറ്റി) സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജാരാക്കണം.
*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.ഡി.എസ് ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ രണ്ടാം വർഷ ബി.ഡി.എസ് (അഡീഷണൽ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 28 വരെ അപേക്ഷിക്കാം.

## എം.ബി.എ വൈവ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.ബി.എ (2014 സ്കീം) പരീക്ഷയുടെ വൈവ നവംബർ ഏഴ് മുതൽ 11 വരെ വിവിധ കേന്ദ്രങ്ങളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്സി മൈക്രോബയോളജി പ്രാക്ടിക്കൽ, വൈവ

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ, വൈവ പരീക്ഷ ഒക്ടോബർ 26 മുതൽ നടത്തും. വിശദവിവരങ്ങൾ കോളേജിലും വെബ്സൈറ്റിലും (www.keralauniversity.ac.in) ലഭിക്കും.

## ഡിഗ്രി മൂല്യനിർണ്ണയ ക്യാമ്പ് : തീയതി നീട്ടി

കേരള സർവകലാശാല ഒക്ടോബർ 18–ന് തുടങ്ങിയ രണ്ട്, നാല് സെമസ്റ്ററുകളുടെ ബി.എ, ബി.എസ്സി, ബി.കോം കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പുകൾ ഒക്ടോബർ 28 വരെ ദീർഘിപ്പിച്ചു. എല്ലാ അദ്ധ്യാപകരും അതത് ക്യാമ്പുകളിൽ തുടരേണ്ടതാണ്. അഞ്ചാം സെമസ്റ്റർ പരീക്ഷകൾ നവംബർ 29–ന് തുടങ്ങും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
24.10.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098